ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.02.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പാർലമെന്റിൽ ഇരുസഭകളും ബജറ്റ് സമ്മേളനത്തിന്റെ ആദ്യ ഘട്ടം പൂർത്തിയാക്കി ഇന്ന് പിരിയും. രണ്ടാം ഘട്ടം അടുത്ത മാസം 9 ന് ആരംഭിക്കും.

   **Both houses of Parliament will complete the first phase of the Budget session and adjourn today. The second phase will begin on the 9th of next month.**

2. ന്യൂഡൽഹിയിലെ സേവാ തീർത്ഥ് കെട്ടിട സമുച്ചയത്തിന്റെ അനാച്ഛാദനം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് നിർവഹിക്കും.

   **Prime Minister Narendra Modi will unveil the name of the building complex Seva Teerth in the National Capital today.**

3. കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയുടെ പുതുക്കിയ കരട് മാനദണ്ഡങ്ങൾ പുറപ്പെടുവിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. ജൈവ സർട്ടിഫിക്കേഷൻ ഉൾപ്പെടെയുള്ള സാങ്കേതിക സംരംഭങ്ങളും കാർഷിക വായ്പയിൽ ഉൾപ്പെടുത്തി.

   **The Reserve Bank of India has issued revised draft norms for the Kisan Credit Card scheme, proposing inclusion of expenses on agri-tech initiatives such as soil testing, weather forecasting and organic certification within eligible farm loan components.**

4. കേരളത്തിൽ തീവ്ര വോട്ടർപ്പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് ഹിയറിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലേക്ക്.

   **In Kerala, the process related to the special intensive revision of voter list, including hearings, are in final stage.**

5. "റേഡിയോയും നിർമിത ബുദ്ധിയും: AI ഒരു ഉപകരണമാണ്, ശബ്ദമല്ല" എന്ന സന്ദേശവുമായി ഇന്ന് ലോക റേഡിയോ ദിനം.

   **World Radio Day is being observed today with the theme of "Radio and Artificial Intelligence: AI is a tool, not a voice.**

6. ഐ.സി.സി പുരുഷ ട്വന്റി - 20 ക്രിക്കറ്റ് ലോകകപ്പിൽ നമീബിയക്കെതിരെ ഇന്ത്യക്ക് 93 റൺസ് ജയം.

   **In Men's T20 Cricket World Cup, India defeated Namibia by 93 runs in a Group A clash.**

## PARLIAMENT

പാർലമെൻറിൻറെ ഇരുസഭകളും ബജറ്റ് സമ്മേളനത്തിൻറെ ആദ്യ ഘട്ടം പൂർത്തിയാക്കി ഇന്ന് പിരിയും. ബജറ്റ് ചർച്ചകൾക്ക് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ രാജ്യസഭയിൽ ഇന്നലെ മറുപടി നൽകി. ഇൻഡസ്ട്രിയൽ റിലേഷൻസ് നിയമ ഭേദഗതി ബിൽ, 2026 പാർലമെൻറ് പാസാക്കി. ലോക്സഭ പാസ്സാക്കിയ ബില്ലിന് പിന്നീട് രാജ്യസഭയും അംഗീകാരം നൽകുകയായിരുന്നു. അടുത്ത മാസം 9 ന് ആരംഭിക്കുന്ന ബജറ്റ് സമ്മേളനത്തിൻറെ രണ്ടാം ഘട്ടം ഏപ്രിൽ 2 വരെ തുടരും.

## PM SEVATHEERTH

ന്യൂഡൽഹിയിലെ സേവാ തീർത്ഥ് കെട്ടിട സമുച്ചയത്തിന്റെ അനാച്ഛാദനം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് നിർവഹിക്കും. പ്രധാനമന്ത്രിയുടെ ഓഫീസ്, ദേശീയ സുരക്ഷാ കൗൺസിൽ സെക്രട്ടേറിയറ്റ്, കാബിനറ്റ് സെക്രട്ടേറിയറ്റ് തുടങ്ങിയവയാണ് സേവാ തീർത്ഥിൽ പ്രവർത്തിക്കുന്നത്. തുടർന്ന് സുപ്രധാന മന്ത്രാലയങ്ങളെ ഉൾക്കൊള്ളുന്ന കർത്തവ്യ ഭവൻ ഒന്നും രണ്ടും പ്രധാനമന്ത്രി ഔപചാരികമായി ഉദ്ഘാടനം ചെയ്യും. വൈകുന്നേരം സേവാ തീർത്ഥിൽ നടക്കുന്ന പൊതുപരിപാടിയെയും ശ്രീ.മോദി അഭിസംബോധന ചെയ്യും.

☸☸☸☸☸☸☸☸☸☸☸☸☸

## PIYUSH GOYAL – RAHUL GANDHI (INTRO)

കേന്ദ്ര സർക്കാർ വിവിധ പദ്ധതികളിലൂടെയും നയ തീരുമാനങ്ങളിലൂടെയും കർഷകരുടെ ക്ഷേമത്തിനും അഭിവൃദ്ധിക്കും നിരന്തരം മുൻഗണന നൽകിയിട്ടുണ്ടെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ. അമേരിക്കയുമായുള്ള സമീപകാല വ്യാപാര കരാറിലൂടെ രാജ്യത്തെ കാർഷിക ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി പ്രവേശനം ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. കർഷക സമൂഹത്തെ തെറ്റിദ്ധരിപ്പിക്കാനാണ് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ശ്രമിക്കുന്നതെന്നും ശ്രീ.ഗോയൽ പറഞ്ഞു.

(ഹോൾഡ്)

☸☸☸☸☸☸☸☸☸☸☸☸☸

## SHIVRAJ SINGH – RAHUL GANDHI

കർഷകരുടെ ക്ഷേമത്തിന് സർക്കാർ നിരന്തരം മുൻഗണന നൽകിയിട്ടുണ്ടെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. എല്ലാ പ്രധാന തീരുമാനങ്ങളും കർഷകരുടെ താൽപ്പര്യങ്ങൾ മുന്നിൽ കണ്ടു കൊണ്ടാണ് എടുത്തിട്ടുള്ളതെന്നും അദ്ദേഹം പറഞ്ഞു. കർഷകതാൽപ്പര്യങ്ങൾ പൂർണമായും സംരക്ഷിക്കുന്നതാണ് ഇന്ത്യ - യു എസ് വ്യാപാര കരാറെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ വ്യക്തമാക്കി.

## DAC RAFALE

ഇന്ത്യൻ സായുധ സേനകളുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനായി 3.60 ലക്ഷം കോടി രൂപയുടെ സംഭരണ നിർദ്ദേശങ്ങൾക്ക് അനുമതി നൽകി പ്രതിരോധ സംഭരണ കൗൺസിൽ. വ്യോമസേനയ്ക്കായി റഫാൽ മൾട്ടി റോൾ യുദ്ധവിമാനം, മിസൈലുകൾ, ഹൈ ആൾറ്റിട്യൂഡ് സ്യൂഡോ സാറ്റലൈറ്റ് എന്നിവ സംഭരിക്കുന്നതിനാണ് ഡി.എ.സി അനുമതി നൽകിയത്. റഫാൽ MRFA യുദ്ധവിമാനങ്ങളിൽ ഏറിയ പങ്കും ഇന്ത്യയിൽ തന്നെ നിർമിക്കാനാണ് ധാരണ.

## MEA-BRIEFING (INTRO)

ബ്രസീൽ പ്രസിഡൻറ് ലുല ഡാ സിൽവ അഞ്ച് ദിവസത്തെ സന്ദർശനത്തിനായി ഈ മാസം 18 ന് ഇന്ത്യയിലെത്തും. ന്യൂഡൽഹിയിൽ നടക്കുന്ന ഇന്ത്യ-എഐ ഇംപാക്ട് ഉച്ചകോടിയിൽ അദ്ദേഹം പങ്കെടുക്കുമെന്നും വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ അറിയിച്ചു.

(ഹോൾഡ്)

## RBI-FARM LOANS

കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയുടെ പുതുക്കിയ കരട് മാനദണ്ഡങ്ങൾ റിസർവ് ബാങ്ക് പുറപ്പെടുവിച്ചു. മണ്ണ് പരിശോധന, കാലാവസ്ഥാ പ്രവചനം, ജൈവ സർട്ടിഫിക്കേഷൻ തുടങ്ങിയ കാർഷിക സാങ്കേതിക സംരംഭങ്ങളും കാർഷിക വായ്പയിൽ ഉൾപ്പെടുത്താൻ പുതുക്കിയ മാനദണ്ഡത്തിൽ നിർദ്ദേശിക്കുന്നു. 2 ലക്ഷം രൂപ വരെയുള്ള കാർഷിക, അനുബന്ധ വായ്പകൾക്ക് ഈടും, ലാഭ സാധ്യതകളും പുതുക്കിയ മാനദണ്ഡത്തിൽ ഒഴിവാക്കിയിട്ടുണ്ട്.

## MIB-WORKSHOP

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിയേറ്റിവ് ടെക്നോളജിക്ക് കീഴിൽ രാജ്യമെമ്പാടുമുള്ള 15,000 സ്കൂളുകളിലും 500 കോളേജുകളിലും Content Creation ലാബുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം ന്യൂഡൽഹിയിൽ ശിൽപശാല സംഘടിപ്പിച്ചു. അനിമേഷൻ, Visual Effects, Gaming, Comics എന്നിവ ഉൾപ്പെടുന്ന AVGC മേഖലയിൽ ഇന്ത്യയെ ആഗോള ഹബ്ബായി മാറ്റുന്നതിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിയേറ്റിവ് ടെക്നോളജി നിർണായക പങ്ക് വഹിക്കുമെന്ന് പരിപാടിയിൽ പങ്കെടുത്ത കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം സെക്രട്ടറി സഞ്ജയ് ജാജു പറഞ്ഞു.

## SIR

കേരളത്തിൽ തീവ്ര വോട്ടർപ്പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് ഹിയറിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലേക്ക്. തിരുവനന്തപുരം, എറണാകുളം, കോട്ടയം, ആലപ്പുഴ,

കാസർഗോഡ്, പാലക്കാട് ജില്ലകൾ 100% ഹിയറിങ്ങ് നടപടികൾ പൂർത്തിയാക്കുമ്പോൾ ശേഷിക്കുന്ന ജില്ലകൾ തൊട്ടടുത്ത ദിവസത്തോടെ ഈ നേട്ടം കൈവരിക്കും. 101 നിയോജക മണ്ഡലങ്ങളിൽ ഇതിനോടകം ഹിയറിങ്ങ് പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ.രത്തൻ യു കേൽക്കർ അറിയിച്ചു.

## CORRESPONDENT APPLICATION

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അപേക്ഷകൾ ഈ മാസം 17 വരെ സ്വീകരിക്കും. അപേക്ഷകർ ജില്ലാ ആസ്ഥാനത്തിന് 10 കി.മീ. ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് newsonair.gov.in, prasarbharati.gov.in/pbvacancies/ എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

## T-20 CRICKET WORLD CUP

ഐ.സി.സി പുരുഷ ട്വന്റി 20 ക്രിക്കറ്റ് ലോകകപ്പിൽ നമീബിയക്കെതിരെ ഇന്ത്യക്ക് 93 റൺസ് ജയം. ഇന്ത്യ ഉയർത്തിയ 210 റൺസ് വിജയലക്ഷ്യം പിന്തുടർന്ന നമീബിയ 18.2 ഓവറിൽ 116 റൺസിന് പുറത്തായി. ഇന്ന് നടക്കുന്ന ആദ്യ മത്സരത്തിൽ ഓസ്ട്രേലിയ സിംബാബ്‌വെയെ നേരിടും. മറ്റു മത്സരങ്ങളിൽ കാനഡ- യു.എ.ഇ യെയും, യു.എസ്.എ - നെതെർലാൻഡ്സിനെയും നേരിടും.

## WORLD RADIO DAY-DESK (INTRO)

ഇന്ന് ലോക റേഡിയോ ദിനം. 1946-ൽ ഐക്യരാഷ്ട്രസഭ റേഡിയോ സ്ഥാപിതമായതിന്റെ സ്മരണാർത്ഥമാണ് എല്ലാ വർഷവും ഫെബ്രുവരി 13-ന് ലോക റേഡിയോ ദിനം ആചരിക്കുന്നത്. "റേഡിയോയും നിർമ്മിത ബുദ്ധിയും: AI ഒരു ഉപകരണമാണ്, ശബ്ദമല്ല" എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

വിശദാംശങ്ങളിലേയ്ക്ക്......

(വോയിസ്)

"ബഹുജന ഹിതായ, ബഹുജന സുഖായ" എന്ന

ആപ്തവാക്യവുമായി 1936 ലാണ് ആകാശവാണി തുടക്കം കുറിച്ചത്. വൈവിധ്യമാർന്ന പരിപാടികളിലൂടെ ശ്രോതാക്കളുടെ ഹൃദയങ്ങളിൽ ആകാശവാണി ജൈത്ര യാത്ര തുടരുന്നു.

## WORLD RADIO DAY-DESK (VOICE)

2011- ൽ യുനെസ്കോയാണ് ഫെബ്രുവരി 13 ലോക റേഡിയോ ദിനമായി ആചരിക്കാൻ തീരുമാനിച്ചത്. 2012 മുതൽ ദിനാചരണം ആരംഭിച്ച് തുടങ്ങി. UN അംഗങ്ങളായ എല്ലാ രാജ്യങ്ങളും ഈ ദിനാചരണത്തിൽ പങ്കാളികളാകും. ഛത്തീസ്ഗഢിലെ ആകാശവാണി റായ്പൂർ, യുനെസ്കോയുമായി സഹകരിച്ച് ഇന്ന് ലോക റേഡിയോ ദിന കോൺക്ലേവ് സംഘടിപ്പിക്കും. ഈ വർഷത്തെ പ്രമേയത്തെ അടിസ്ഥാനമാക്കി, പ്രക്ഷേപണ മേഖലയിൽ നിർമിത ബുദ്ധിയുടെ വർദ്ധിച്ചുവരുന്ന പങ്കിനെ കുറിച്ച് കോൺക്ലേവ് ചർച്ച ചെയ്യും. സാധാരണക്കാരിലേക്ക് വാർത്തകളും വിവരങ്ങൾ എത്തിക്കുന്നതിൽ റേഡിയോ നിർണായക പങ്ക് വഹിക്കുന്നുണ്ടെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ.മുരുകൻ ലോക റേഡിയോ ദിന സന്ദേശത്തിൽ പറഞ്ഞു.

(ബൈറ്റ്)

ന്യൂസ് ഡെസ്ക് ആകാശവാണി...

❁❁❁❁❁❁❁❁❁❁❁❁❁

## RADIO DAY – PALAKKAD

ലോക റേഡിയോ ദിനാഘോഷത്തോടാനുബന്ധിച്ച് കേരള ഫെഡറഷൻ ഓഫ് ദി ബ്ലൈൻഡ് പാലക്കാട് ജില്ലാ കമ്മിറ്റി അംഗങ്ങൾക്ക് ഇന്ന് റേഡിയോകൾ വിതരണം ചെയ്യും. അഖില കേരള റേഡിയോ ലിസണേഴ്സ് അസോസിയേഷൻ ചിറ്റൂരിൽ സംഘടിപ്പിക്കുന്ന ജില്ലാതല ദിനാഘോഷം നഗരസഭ ചെയർമാൻ സുമേഷ് അച്ചുതൻ ഉത്ഘാടനം ചെയ്യും.

❁❁❁❁❁❁❁❁❁❁❁❁❁

## GOVERNOR

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രഥമ ബിരുദ ദാന ചടങ്ങ് ഇന്ന് കൊല്ലത്ത് നടക്കും. യൂണിവേഴ്സിറ്റി ചാൻസലർ കൂടിയായ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ബിരുദം സമ്മാനിക്കും. ചടങ്ങിന് മുന്നോടിയായി സെനറ്റ് യോഗം ചേരും.

❁❁❁❁❁❁❁❁❁❁❁❁❁

## SABARIMALA –INSPECTION

ശബരിമല സ്വർണ അപഹരണവുമായി ബന്ധപ്പെട്ട് ഹൈക്കോടതി നിയോഗിച്ചിട്ടുള്ള പ്രത്യേക അന്വേഷണ സംഘം ഇന്നലെ സന്നിധാനത്ത് പരിശോധന നടത്തി. എസ്.പി.ശശിധരൻ്റെ നേതൃത്വത്തിലുള്ള സംഘമാണ് പരിശോധനയ്ക്കെത്തിയത്. ലീഗൽ മെട്രോളജി വിഭാഗത്തിലെ ഗോൾഡ് അസെസ്മെൻറ് വിദഗ്ധരും സംഘത്തിനൊപ്പമുണ്ടായിരുന്നു.